Weekly Devotions - December 2018

# sealed deed and open copy

## (മുദ്രവച്ച തുറന്ന രേഖ)




"കരയാതെ നിന്റെ ശബ്ദവും കണ്ണുനീർ വാർക്കാതെ നിന്റെ കണ്ണും അടക്കിക്കൊൾക, നിന്റെ പ്രവർത്തിയ്ക്ക് പ്രതിഫലമുണ്ടാകും" എന്നരുളിയ കർത്താവ് അസാദ്ധ്യതകളെ സാദ്ധ്യമാക്കുന്നവനാണ്. അൻപതു വർഷം മുൻപ് തന്റെ കണ്ണുനീർ തുടച്ച ദൈവത്തെ ഒരു പിതാവ് സാക്ഷിക്കുന്നത് കേൾക്കുകയുണ്ടായി. അദ്ദേഹം സ്നാനം എറ്റ സമയം വളരെ പ്രതികൂലം അനുഭവിച്ചിരുന്നു. എന്നാൽ ദൈവമുമ്പാകെ ഇരുന്ന് കരഞ്ഞ് വിഷയങ്ങളെ അവതരിപ്പിച്ചപ്പോൾ ഒന്നൊന്നായി തന്റെ ആഗ്രഹം നടത്തിത്തന്ന ദൈവം കുടയില്ലാതെ മഴക്കാലത്ത് ആരാധന മുടങ്ങല്ലേ എന്ന പ്രാർത്ഥന മുതൽ ആത്മാവിലാരാധിക്കണം എന്ന ആഗ്രഹം വരെ സാധിച്ചു തന്നു. എന്റെ മൺകൂടാരം പരിശുദ്ധാത്മാവിന്റെ മന്ദിരമായി  എന്ന് ആ പിതാവ് പറയുമ്പോൾ പ്രതിഫലം തന്ന ദൈവത്തോടുള്ള നന്ദി ആ കണ്ണുകളിലും മുഖത്തും കാണുകയുണ്ടായി.

യിരെ(31:31,33)വാക്യങ്ങളിൽ യിസ്രായേൽ ഗൃഹത്തോടും , യഹൂദഗൃഹത്തോടും ഒരു പുതിയ നിയമം ചെയ്യുമെന്ന്  യഹോവ അരുളിചെയ്തു എന്ന് കാണാം. പഴയനിയമത്തിന്റെ അപര്യാപ്തതയാൽ പുതിയനിയമം വന്നു. പുതിയ നിയമത്തിന്റെ സവിശേഷത അത് ഹൃദയത്തിലാണ് എഴുതുന്നത്. എന്നാൽ ക്രിസ്തുവിനെ അറിയുകയും അവനെ അനുസരിക്കുകയും, വിശ്വസിക്കുകയും ചെയ്യുന്നവരിൽ വസിക്കുന്ന പരിശു

ദ്ധാത്മാവാണ് സഹായിക്കുന്നത്. പരിശുദ്ധാത്മാവ് ഉള്ളിലുള്ളവർ ക്രിസ്തു പറയുന്ന ഏത് കാര്യവും അനുസരിക്കുന്നു. ബാബിലോണ്യ സൈന്യത്തിന് കീഴടങ്ങുവാനുള്ള യിരെമ്യാവിന്റെ പ്രസംഗം ശക്തി ക്ഷയിപ്പിക്കുമെന്നു കണ്ട സിദെക്കിയ രാജാവ് കാവൽപുരമുറ്റത്ത് അദ്ദേഹത്തെ തടവിലാക്കി.

തടവിലായ പ്രവാചകനോടാണ് അനാഥോത്ത് എന്ന സ്വന്തസ്ഥലത്ത് ഒരു നിലം വാങ്ങുവാൻ യഹോവയിൽ നിന്ന് അരുളപ്പാട് ഉണ്ടായത്. നിരാശാജനകമായ അവസ്ഥ മാറി പ്രത്യാശ വരുമെന്നുള്ളതിന്റെ പ്രാവചനീകമായ ഒരു അടയാളമായിരുന്നു അത് . കൂടാതെ നാം ദൈവത്തിന് അവകാശപ്പെട്ടവരാണെങ്കിൽ ശ്രേഷ്ഠമായ ഒരു ഭാവിയുടെ വാഗ്ദത്തമുള്ളവരുമാണ്. (റോമ:8:28).ന്യായവും പതിവും അനുസരിച്ച് മുദ്രയിട്ടതും , തുറന്നിരുന്നതുമായ ആധാരങ്ങൾ വാങ്ങിയ യിരെമ്യാവ് ആധാരം ഏറിയകാലം  നിൽക്കുവാൻ തക്കവണ്ണം ഒരു മൺപാത്രത്തിൽ വയ്ക്കുവാൻ ബാരൂക്കിനെ ഏല്പിച്ചു. ഈ പ്രവർത്തിയിലൂടെ ദൈവവാഗ്ദത്തത്തിലുള്ള വിശ്വാസം ഉറെപ്പിക്കുന്നു.

Read യിരെ:(32:6-15)

ഈ വർഷാവസാനം പല പ്രശ്നങ്ങൾ എന്നെ തടവിലാക്കി  എന്ന് കരുതുന്നു.ആരെങ്കിലും ഉണ്ടെങ്കിൽ സകലതും സാദ്ധ്യമാക്കുന്ന കർത്താവിന്റെ വാഗ്ദത്തങ്ങൾ യിരെമ്യാവിനെപ്പോലെ ഏറ്റെടുക്കുക. മുദ്രകൾ പൊതു ജീവിതത്തിലെന്നപോലെ ആത്മീയ ജീവിതത്തിലും അനുപേക്ഷണീയമാണ്. പരിശുദ്ധാത്മാവിന്റെ അതിശ്രദ്ധേയമായ വേദപുസ്തക പ്രതീകമാണ് "മുദ്ര" .മുദ്ര അധികാരത്തെ കാണിക്കുന്നു. മുദ്രയിട്ട ആധാരം കൈവശമുള്ളവന്റെ ഭൂമി അനധികൃതമായി കൈവശമാക്കുവാനോ നശിപ്പിക്കുവാനോ ആർക്കും അധികാരമില്ല. പരിശുദ്ധാത്മാവ് എന്ന മുദ്ര ഇല്ലാത്തവരായ ശിഷ്യൻമാർ ക്രിസ്തുവിന്റെ നിർദ്ദേശം അനുസരിച്ച് അദ്ദേഹത്തിന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷം മുദ്ര ഏറ്റവരായി ശക്തിയോടും , അധികാരത്തോടും വചനം സംസാരിപ്പാൻ തുടങ്ങി.

ഒന്നു മുട്ടിയാൽ തകർന്നുപോകുന്ന മൺപാത്രത്തിലാണ് മുദ്രയിട്ട ആധാരം സൂക്ഷിച്ചത്. 2 കൊരി (4:7)ഉറെച്ചു നിന്നാൽ ഒരുശ്വാസം മാത്രമായ മനുഷ്യരിലാണ് അത് സൂക്ഷിച്ചിരിക്കുന്നത് . മുദ്രകുത്തിയ സമയം മുതൽ രേഖയിൽ പറഞ്ഞ കാര്യങ്ങൾ നടപ്പാകുന്നു. സ്വർഗ്ഗത്തിലെ സകല ആത്മീയാനുഗ്രഹങ്ങൾ കൊണ്ടും നമ്മെ പൂർണ്ണതയുള്ളവരാക്കുകയാണ് ഈ മുദ്രയുടെ ലക്ഷ്യം.

മുദ്ര ഉടമസ്ഥനെയും ഉടമസ്ഥതയേയും കാണിക്കുന്നു. പരിശുദ്ധാത്മാവിന്റെ മുദ്ര ഏറ്റവനെ കണ്ടാൽ അവന്റെ ഉടമസ്ഥനെ മറ്റുള്ളവർ മനസ്സിലാക്കും.

Read അപ്പോ:പ്ര (8:29-39)

മുദ്രയുള്ളവന്റെ വാക്കുകൾ , അവരുടെ സാമീപ്യം കേൾവിക്കാർക്ക് തിരിച്ചറിയുവാൻ കഴിയും. അതുകൊണ്ടാണ് ഷണ്ഡൻ ഫിലിപ്പോസിനോട് സ്നാനം ഏല്ക്കുവാനുള്ള ആഗ്രഹം അറിയിച്ചത്. ഫിലിപ്പോസ് പരിശുദ്ധാത്മ മുദ്രയുള്ളവനായതു കൊണ്ടാണ്

വെള്ളത്തിൽ നിന്ന് കയറിയപ്പോൾ കർത്താവിന്റെ ആത്മാവ് അദ്ദേഹത്തെ എടുത്തു കൊണ്ടു പോയത്.

മുദ്ര സുരക്ഷിതത്വത്തെ കാണിക്കുന്നു. ഒരു വ്യക്തിയിൽ പരിശുദ്ധാത്മാവ് വസിച്ചാൽ മാത്രമേ പരിശുദ്ധാത്മാവിന്റെ സുരക്ഷിതത്വം ലഭിക്കുകയുള്ളൂ.

Read അപ്പോ:പ്ര (28:1-6)

സർപ്പദംശം ശൗലിനെ ഹനിക്കാതെ സൂക്ഷിച്ചത് പരിശുദ്ധാത്മാവാകുന്ന അഗ്നിയുടെ കഠിനമായ ചൂടിനാലാണ്.

വെളി 22:4 ൽ അവന്റെ ദാസൻമാർ അവനെ ആരാധിക്കും എന്നും അവന്റെ നാമം അവരുടെ നെറ്റിയിലുണ്ടെന്നും കാണുന്നു. ആരാധിക്കുമ്പോൾ സകല പ്രശ്നങ്ങളിൽ നിന്നും വിടുതൽ നേടുവാൻ കഴിയുന്നു. പുതുവർഷത്തിലേക്ക് കടക്കും മുൻപ് തന്നെ പരിശുദ്ധാത്മ നിറവോടെ ആരാധിച്ച് അനുഗ്രഹമുള്ള ഒരു പുതുവർഷം നേടുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

Santhamma Varghese
*Website: www.biblestudy.co.in*
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind